നമ്പർ. 12485/പാർല/2019/നിയമം | നിയമ (പാർല) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 4111  24.06.2019 - ൽ മറുപടിക്ക്**

## ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ നിയമനങ്ങൾ

**ചോദ്യം** | **മറുപടി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**ശ്രീ. എ. കെ. ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ) | ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിലവിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; നിലവിലുള്ള ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്ക് നിയമനം നടത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ ആകെ 247 തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്കുള്ള നിയമനം നിലവിലുള്ള ചട്ട പ്രകാരം വിവിധ വകുപ്പുകളിലെ നിശ്ചിതയോഗ്യതയുള്ളവരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് നടത്തി വരുന്നത്. നിയമവകുപ്പിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള ലീഗൽ അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്ക് നിയമനം നടത്താനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| ബി) | നിലവിലുള്ള ലീഗൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | 48 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 8 ഒഴിവുകളും 2019 വർഷത്തേയ്ക്കുള്ള 8 പ്രതീക്ഷിത ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളില്ല. |
| സി) | ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ തസ്തികകളിലേക്കുള്ള നിയമനങ്ങൾ ഡെപ്യൂട്ടേഷൻ മുഖേനയാണോ അല്ലെങ്കിൽ സ്ഥിര നിയമനമാണോയെന്നും, ഇവിടത്തെ ജീവനക്കാരുടെ ശമ്പളം ആരാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ; | ലീഗൽ സർവ്വീസസ് അതോറിറ്റിയിലെ തസ്തികകളിലേയ്ക്കുള്ള നിയമനം ഡെപ്യൂട്ടേഷൻ മുഖേനയാണ് നടത്തുന്നത്. ഇവിടുത്തെ ജീവനക്കാരുടെ ശമ്പളം കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയാണ് നൽകുന്നത്. |

| | | |
|---|---|---|
| ഡി) | ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്ക് നിയമ പരിജ്ഞാനം ആവശ്യമുള്ള വിവിധ തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗസ്ഥരെ നിരവധി തവണ ആവശ്യപ്പെട്ടിട്ടും നിയമവകുപ്പിൽ നിന്നും ആരും പോകാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | കേരള ലീഗൽ സർവ്വീസസ് അതോറിറ്റി ചട്ടങ്ങൾ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് ലീഗൽ സർവ്വീസസ് അതോറിറ്റിയിലേയ്ക്ക് നിയമനം നടത്തിവരുന്നത്. ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ നിന്നും ഒഴിവുകൾ അറിയിക്കുന്ന മുറയ്ക്ക് നിയമ വകുപ്പിലെ യോഗ്യരായ ഉദ്യോഗസ്ഥരിൽ നിന്നും സന്നദ്ധത ആരായാറുള്ളതും, സന്നദ്ധത അറിയിക്കുന്ന ഉദ്യോഗസ്ഥരെ തുടർ നടപടികൾക്കു ശേഷം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകാറുള്ളതുമാണ്. ഇപ്രകാരം സന്നദ്ധത അറിയിക്കുന്ന യോഗ്യരായ ഉദ്യോഗസ്ഥരെ നിയോഗിക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| ഇ) | ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; | ലീഗൽ സർവ്വീസസ് അതോറിറ്റിയിൽ ആകെ 81 ഒഴിവുകളാണ് നിലവിലുള്ളത്. നേരിട്ടുള്ള നിയമനമല്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിയില്ല. |
| എഫ്) | സംസ്ഥാനത്തെ നഗരസഭകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സെക്രട്ടറി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | നിയമവകുപ്പിൽ ഇപ്രകാരമൊരു പ്രൊപ്പോസൽ നിലവിലില്ല. ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സെക്രട്ടറി നിയമവകുപ്പിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ